ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ സർക്കാർ മേഖലയിൽ വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ 32 ഐ.ടി.ഐ.-കളും പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 41 ഐ.ടി.സി.-കളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒരു ഐ.ടി.സി.-യും സ്വകാര്യമേഖലയിൽ 378 ഐ.ടി.സി.-കളും പ്രവർത്തിച്ചുവരുന്നു. അവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.†

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി.ഐ./ഐ.ടി.സി.-കളിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ചുവടെപ്പറയുന്ന ഐ.ടി.സി.-കൾക്ക് നിലവിൽ എൻ.സി.വി.റ്റി.-യുടെ അംഗീകാരമില്ല.

എസ്.സി.ഡി.സി. ഐ.ടി.സി.,	കാഞ്ഞിരംകുളം	തിരുവനന്തപുരം ജില്ല
"	ശിങ്കാരത്തോപ്പ്,	
"	അഞ്ചാമട	
"	പന്തളം-പത്തനംതിട്ട	
"	ഇടത്തുരുത്തി	തൃശ്ശൂർ
"	എരുമപ്പെട്ടി	
"	പൊന്നാനി-മലപ്പുറം	
"	ഏലത്തൂർ-കോഴിക്കോട്	

(സി) വ്യാവസായിക പരിശീലന വകുപ്പ് നേരിട്ട് നടത്തുന്ന 32 സർക്കാർ ഐ.ടി.ഐ.-കൾക്കും അംഗീകാരമുണ്ട്.

(ഡി—ഇ) ബാധകമല്ല.

കോഴിക്കോട് ഐ.ടി.ഐ.-ക്ക് ചുറ്റുമതിൽ

75 [2202] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഐ.ടി.ഐ. കോമ്പൗണ്ടിന് ചുറ്റുമതിൽ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ചുറ്റുമതിൽ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എന്നത്തേക്ക് പണി തുടങ്ങാനാവുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സ്ഥാപനത്തിന് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും ഹോസ്റ്റൽ കെട്ടിടവും ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; എന്ന് പണി തുടങ്ങാനാവുമെന്ന് അറിയിക്കുമോ?

† നിയമസഭ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി—സി) ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ഉദ്ദേശം അടങ്കൽ തുക കണക്കാക്കി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. ഇത് ലഭിക്കുന്ന മുറയ്ക്ക് പണി തുടങ്ങുന്നതിനാവശ്യമായ അനന്തര നടപടി കൈക്കൊള്ളുന്നതാണ്.

(ഡി—ഇ) ഉണ്ട്. കെട്ടിടം പണിക്കുള്ള നിർദ്ദേശം പരിഗണനയിലാണ്.

പുതിയ ഐ.ടി.ഐ.-കൾ

76 [2203] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഐ.ടി.ഐ.-കൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ സ്ഥലവും കെട്ടിടവും സൗജന്യമായി ലഭ്യമാക്കുന്ന പ്രദേശങ്ങൾക്ക് ഇക്കാര്യത്തിൽ മുൻഗണന നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഒ.ഡി.ഇ.പി.സി. മുഖേന ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകുന്ന നടപടി

77 [2204] ശ്രീ. കെ. ബി. ഗണേഷ്കുമാർ:

,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒ.ഡി.ഇ.പി.സി. മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് വിദേശത്ത് തൊഴിൽ നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ വിദേശത്ത് തൊഴിൽ ലഭ്യമായവരുടെ ഇനം തിരിച്ചുള്ള വിവരം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly